# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ . *310 — 15.12.2014-ൽ മറുപടിയ്ക്ക്

## റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.അൻവർ സാദത്ത്. | | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡപകടങ്ങളും മരണങ്ങളും കുറഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | നേരിയ തോതിൽ കുറഞ്ഞുവരുന്നു. 2012 വർഷത്തിൽ 36,174 റോഡപകടങ്ങളിൽ 4,286 പേർ മരണമടയുകയും, എന്നാൽ 2013 വർഷത്തെ കണക്കുകൾ പ്രകാരം റോഡപകടങ്ങൾ 35,215 ആയും മരണം 4,258 ആയും കുറഞ്ഞിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് റോഡപകടങ്ങളെക്കുറിച്ച് പോലീസ് വകുപ്പ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) & (സി) | ഈ സർക്കാരിന്റെ കാലത്ത് റോഡപകടങ്ങളെക്കുറിച്ച് പോലീസ് വകുപ്പ് പ്രത്യേകിച്ച് റിപ്പോർട്ടൊന്നും തയ്യാറാക്കിയിട്ടില്ല. |
| (സി) | റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | | |
| (ഡി) | റോഡപകടങ്ങൾ കുറയ്ക്കാൻ പോലീസ് വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി വാഹന പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ ഗുരുതര സ്വഭാവമുള്ള അപകടങ്ങളുടെ കണക്കുകൾ ശേഖരിക്കുകയും ആയതിന്റെ കാരണങ്ങൾ വിശദമായി അന്വേഷണം |

നടത്തിയും, മേലിൽ അത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട റിപ്പോർട്ട് വ്യക്തമായ ശുപാർശകൾ സഹിതം സ്റ്റേറ്റ് ലവൽ ആക്സിഡന്റ് റിവ്യൂ കമ്മിറ്റിക്ക് സമർപ്പിക്കുക എന്ന ഉദ്ദേശത്തോടെ ജില്ലാ പോലീസ് മേധാവി കൺവീനറായും ആർ.റ്റി.ഒ, പൊതുമരാമത്ത് വകുപ്പിന്റെ നാഷണൽ ഹൈവേ വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ , റോഡ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിലെ എഞ്ചിനീയർ എന്നിവർ മെമ്പർമാരായും ഉള്ള ജില്ലാ തല സമിതി പ്രവർത്തിച്ചു വരുന്നു. ഗതാഗത വകുപ്പും റോഡ് സേഫ്റ്റി അതോറിറ്റിയുമായി ചേർന്ന് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഡ്രൈവർമാർക്കും റോഡ് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നുണ്ട്. ഹൈവേ പോലീസും ലോക്കൽപോലീസും ഹൈവേകളിൽ കർശനമായ വാഹന പരിശോധന നടത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഇന്റർസെപ്റ്റർ വാഹനത്തിന്റെ സേവനവും ഇക്കാര്യത്തിൽ ലഭ്യമാണ്. പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് വഴിയരികിൽ ട്രാഫിക്ക് സിഗ്നൽ ബോർഡുകളും സീബ്രാലൈനുകളും നിർമ്മിച്ചിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിച്ച് അപകടമുണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുവാനുള്ള നടപടികൾ പോലീസ് സ്വീകരിക്കുന്നുണ്ട്. ഹെൽമറ്റ്, സീറ്റ്ബെൽറ്റ് എന്നിവ ധരിക്കാതെ വാഹനമോടിക്കുന്നുണ്ടോ എന്നും രാത്രികാലങ്ങളിൽ ഹെഡ്ലൈറ്റ് ഡിം ചെയ്യാതെ വാഹനമോടിക്കുന്നുണ്ടോ എന്നും പോലീസ് പരിശോധിക്കുന്നുണ്ട്. നാഷണൽ ഹൈവേകളിലും, സ്റ്റേറ്റ്

ഹൈവേകളിലും അനധികൃതമായി
ഉയർത്തിയിരിക്കുന്ന പരസ്യബോർഡുകൾ,
ബാനറുകൾ, ഫ്ളക്സുകൾ എന്നിവ
ബന്ധപ്പെട്ട അധികാരികളുമായി ചേർന്ന്
നീക്കം ചെയ്യുന്നതിനുള്ള നടപടിയും
പോലീസ് സ്വീകരിച്ചു വരുന്നു. സ്റ്റുഡൻസ്
പോലീസ് കേഡറ്റ് പദ്ധതിയിലൂടെ ട്രാഫിക്ക്
ബോധവൽക്കരണ പരിപാടികൾ
സംഘടിപ്പിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്